**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **13-09-2023 - ൽ മറുപടിയ്ക്ക്**

**നീലേശ്വരം-ബേക്കൽ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതയുടെ ഭാഗമായുള്ള നീലേശ്വരം-ബേക്കൽ ജലപാത നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലപാതാ വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ)-ന്റെ നേതൃത്വത്തിൽ ഡ്രോൺ സർവ്വേ നടത്തി നീലേശ്വരം പുഴയേയും ചിത്താരി പുഴയേയും ബന്ധിപ്പിച്ചുകൊണ്ട് കനാൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ട്. കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് വാട്ടർ ബാലൻസ് & മോഡൽ സ്റ്റഡി പൂർത്തിയാക്കി. നമ്പ്യാർക്കലിൽ ഡൈവേർഷൻ കനാലിനായി 3.23 ഏക്കർ ഭൂമിയും നീലേശ്വരം ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി 105.88 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനായി കിഫ്ബി-യിൽ നിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി എൽ.എ. തഹസീൽദാരെ നിയമിക്കുകയും ബല്ല ഒഴികെയുള്ള വില്ലേജുകളിൽ LARR Act, 2013-ന്റെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇരുപുഴകളിലുമായി നിലവിലുള്ള ഉയരം കുറഞ്ഞ പാലങ്ങൾ പുതുക്കിപണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തികരിച്ച് രൂപരേഖ (ഡിസൈൻ) തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമായ അരയി-കോട്ടക്കടവ് തൂക്കുപാലം പൊളിച്ചു പണിയാൻ തുടങ്ങിയിട്ടുണ്ട്. |
| (ബി) | പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ചും ആയതിന് നൽകുന്ന നഷ്ടപരിഹാര തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നമ്പ്യാർക്കൽ ഡൈവേർഷൻ കനാൽ നിർമ്മിക്കുന്നതിനായി കാഞ്ഞങ്ങാട് വില്ലേജിൽ 3.23 ഏക്കർ ഭൂമിയും, നീലേശ്വരം - ചിത്താരി പുഴകളെ ബന്ധിപ്പിക്കുന്ന കൃത്രിമ കനാലിനായി ഹോസ്ദുർഗ്ഗ്, ബല്ല, അജാനൂർ വില്ലേജുകളിലായി 105.88 ഏക്കർ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടത്. സ്ഥലം ഏറ്റെടുക്കുന്നതിനായി കിഫ്ബി-യിൽ നിന്നും 178.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി |

| | | | |
|---|---|---|---|
| | | | LARR Act, 2013-ന്റെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അത് പൂർത്തിയായതിനു ശേഷം മാത്രമേ നഷ്ടപരിഹാര തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പാത വരുന്നതോടെ എന്തൊക്കെ നേട്ടങ്ങളാണ് പ്രദേശത്ത് ഉണ്ടാകുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെയുള്ള ജലപാത പദ്ധതിയുടെ ഭാഗമായാണ് കാസറഗോഡ് ജില്ലയിൽ നീലേശ്വരം - ബേക്കൽ ജലപാത വികസിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി കിറ്റ്കോ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം റോഡ് വഴിയുള്ള ചരക്കുഗതാഗതം ഗണ്യമായി കുറച്ച് ജലപാത വഴിയാക്കുന്നത് മൂലം റോഡിലെ തിരക്ക് ഒഴിവാക്കുന്നതിനും, ഇന്ധനം ലാഭിക്കുന്നതിനും, കാർബൺ മലിനീകരണം കുറയ്ക്കുന്നതിനും സാധിക്കും. ഇതുമൂലം ഏറ്റവും കൂടുതൽ ഉണർവ്വ് ഉണ്ടാകുന്നത് ടൂറിസം മേഖലയിലായിരിക്കും. ഹൗസ് ബോട്ടുകൾക്ക് പുതിയ പാത ലഭ്യമാവുകയും പ്രദേശത്തിന്റെ മൊത്തം സാമ്പത്തിക അവസ്ഥ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ കൃത്രിമ കനാലിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതുമൂലം കനാൽ പ്രദേശങ്ങളിൽ ഭാവിയിൽ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ